**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **22-07-2021 - ൽ മറുപടിയ്ക്ക്**

**കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികളുടെ ക്ഷേമവും അടിസ്ഥാന സൗകര്യവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിഞ്ഞ സർക്കാർ, കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികൾ നവീകരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനും h/a (4851-00-195-99) എന്ന ശീർഷകത്തിൽ 2016-17 കാലയളവിൽ 12 കോടി രൂപയും (2015-16 ൽ 8 കോടിയും 2016-17 ൽ 4 കോടിയും) 2017-18 കാലയളവിൽ 24.15 കോടി രൂപയും, 2018-19 കാലയളവിൽ 17.61 കോടി രൂപയും 2020-21 കാലയളവിൽ 4.69 കോടി രൂപയും ധനസഹായമായി പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തി നൽകിയിരുന്നു. (ആകെ 58.45 കോടി രൂപ) പ്രസ്തുത ധനസഹായത്തിൽ നിന്നും 2016-17 കാലയളവിൽ 4 കോടി രൂപയും, 2020-21 കാലയളവിൽ 1.19 കോടി രൂപയും ചേർത്ത് ആകെ 5.19 കോടി രൂപയാണ് കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി സർക്കാർ അനുവദിച്ച് നൽകിയത്. കാപ്പെക്സിന് മറ്റ് ധനസഹായമില്ലാത്തതിനാൽ ബാക്കി തുക കാപ്പക്സിന് തോട്ടണ്ടി വാങ്ങുന്നതിനായും, തൊഴിലാളികളുടെയും, ജീവനക്കാരുടെയും ബോണസ് നൽകുന്നതിനായും കേരളാ കാഷ്യൂ ബോർഡിൽ കാപ്പെക്സിന്റെ ഷെയറായും പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനുമായി സർക്കാർ അനുവദിച്ചു നൽകിയിരുന്നു. ആയത് പ്രകാരം കാപ്പെക്സിന് 2016-17 കാലയളവ് മുതൽ 2020-21 കാലയളവുവരെ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ |

| | | | |
|---|---|---|---|
| | | | യന്ത്രവത്ക്കരണവും എന്ന കണക്കിനത്തിൽ h/a (4851-00-195-99) ആകെ 58.45 കോടി രൂപ ഈ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്നു. പ്രസ്തുത കണക്കിനത്തിൽ നിന്നും 5.19 കോടി രൂപയുടെ ധനസഹായംകൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും, കാപ്പെക്സ് ഹെഡ്ഓഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് CCTV കൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. |
| (ബി) | 2015 വരെയുള്ള കാലയളവിൽ പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക ഇനത്തിൽ കഴിഞ്ഞ സർക്കാർ കൊടുത്തു തീർത്ത തുകയുടെ വിശദാംശം നല്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 2012 മുതൽ 2014 വരെയുള്ള സമയത്തെ പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് 4.61 കോടി രൂപയും 2015 ൽ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് 3.50 കോടി രൂപയും ചേർത്ത് ആകെ 8.11 കോടി രൂപ സർക്കാർ ധനസഹായമായി ഗ്രാറ്റുവിറ്റി നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| (സി) | 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിനുള്ളിൽ കാപ്പെക്സിന് അനുവദിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കാമോ? | (സി) | കാപ്പെക്സിന്റെ ഫാക്ടറികളിൽ ആധുനികവത്ക്കരണവും ഭാഗികമായ യന്ത്രവത്ക്കരണവും (കാപ്പെക്സിൽ ഓഹരി മൂലധനം നിക്ഷേപ സഹായങ്ങൾ) (h/a 4851-00-195-99) എന്ന ശീർഷകത്തിൽ 58.45 കോടി രൂപയും, ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണവും (h/a 2852-08-600-81) എന്ന കണക്കിനത്തിൽ 2.40 കോടി രൂപയും ചേർത്ത് ആകെ 60.85 കോടി രൂപയുടെ ധനസഹായം 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിൽ വകയിരുത്തി നൽകിയിട്ടുണ്ട്. ധനസഹായത്തിന്റെ വിശദവിവരങ്ങൾ ചുവടെ പ്രതിപാദിക്കുന്നു. തൊഴിലാളികളുടെ ബോണസ്സ് നൽകുന്നതിനായി -12.15 കോടി രൂപ ആധുനിക |

| | | | |
|---|---|---|---|
| | | | വത്ക്കരണത്തിനും ഭാഗികമായ യന്ത്ര വത്ക്കരണത്തിനുമായി-5.19 കോടി രൂപ 2012 മുതൽ 2015 വരെയുള്ള പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി-8.11 കോടി രൂപ തോട്ടണ്ടി വാങ്ങുന്നതിനായി- 28 കോടി രൂപ കേരളാ കാഷ്യൂ ബോർഡിന് കാപ്പെക്സിന്റെ ഷെയറായി-5 കോടി രൂപ ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണത്തിനുമായി-2.40 കോടി രൂപ ആകെ ധനസഹായം-60.85 കോടി രൂപ |

സെക്ഷൻ ഓഫീസർ